**പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ലാന്റ് അക്വിസിഷൻ വിംഗ് രൂപീകരണം**

**11 (* 640)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനും പുതുതായി റോഡുകൾ നിർമ്മിക്കുന്നതിനും വേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ലാന്റ് അക്വിസിഷൻ വിംഗ് ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) ഇങ്ങനെ സ്ഥലം അക്വയർ ചെയ്യുന്നവർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രത്യേക നിധി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) പൊതുമരാമത്ത് വകുപ്പിന്റെ റോഡു പ്രോജക്ടുകൾക്ക് സ്ഥലം അക്വയർ ചെയ്യുന്നതിനായി ലാന്റ് അക്വിസിഷൻ ഡയറക്ടറുടെ ചുമതലയിൽ ഒരു പ്രത്യേക വിംഗ് രൂപീകരിക്കുകയും, അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രത്യേകനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

**റോഡുപണിക്കുള്ള കേന്ദ്ര സഹായം**

**12 (* 641)** ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിരത്തിലധികം പേർ താമസിക്കുന്ന സ്ഥലത്തെ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് ധനസഹായം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന് പരിപാടിയുണ്ടോ ;

(ബി) ഈ പരിപാടി പ്രകാരം ധനസഹായമാവശ്യപ്പെട്ടുകൊണ്ടുള്ള എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു ;

(സി) ഇവയുടെ പണിക്കായി എന്ത് തുക നൽകണമെന്നാണ് കേന്ദ്രത്തോടാവശ്യപ്പെട്ടത് ;

(ഡി) ഈ പരിപാടി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്ത് ധനസഹായം ലഭിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly